# ആസാദ് മെമ്മോറിയൽ എൽപി സ്കൂൾ



## ഏഴക്കരനാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -26

# ഉള്ളടക്കം


1 ആമുഖം

2 പൂർവ്വ കാലം

3 അടിസ്ഥാന വിവരങ്ങൾ

4 ലക്ഷ്യങ്ങൾ

5 പദ്ധതി വിശദീകരണം

# ആമുഖം

പൊതുവായ ജീവിത ഗുണമേന്മ കൊണ്ട് ഇന്ത്യയ്ക്ക് മുഴുവൻ മാതൃകയായ സംസ്ഥാനമാണ് കേരളം.സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞെങ്കിലും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് കേരളം നേരിടുന്ന ഒരു വെല്ലുവിളിയാണ്.പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനഫലമായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ അന്താരാഷ്ട്ര ഗുണനിലവാരമുള്ള പഠനപ്രവർത്തനങ്ങളിലൂടെ മികവാർന്ന വിദ്യാഭ്യാസം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.ഇതിന്റെ ഫലമായി അറിവിനെ നിർമ്മിക്കുന്ന പ്രക്രിയയാണ് ക്ലാസ് മുറിയിൽ നടക്കേണ്ടതെന്നും വിദ്യാഭ്യാസ പ്രക്രിയയുടെ കേന്ദ്ര സ്ഥാനത്ത് കുട്ടിയെ നിർത്തണമെന്നും നമുക്ക് വ്യക്തമായി.

എല്ലാ വിഭാഗത്തിലും പെട്ടവർക്ക് പഠനം നേട്ടം ഉണ്ടാകുന്നതിന് വിദ്യാഭ്യാസ പ്രക്രിയയുടെ എല്ലാ മേഖലകളിലും കൂടുതൽ സൂക്ഷ്മവും ശാസ്ത്രീയവുമായ നിലപാടുകൾ സ്വീകരിക്കണം. ഇതിനു മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ പൊതു വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. നിശ്ചിത വർഷത്തിനകം മുഴുവൻ വിദ്യാർത്ഥികളെയും എല്ലാ വിഷയത്തിലും മുൻനിരക്കാരായി മാറ്റുകയാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം.

അക്കാദമിക മാസ്റ്റർപ്ലാനിനു വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സ്കൂളിൻറെ നിലവിലെ സാഹചര്യങ്ങൾ, ലോകത്ത് ആകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തര പഠനബോധന രീതികളിൽ വന്ന മാറ്റങ്ങൾ, തുടങ്ങിയവയൊക്കെ പരിഗണിച്ചുകൊണ്ടും വിദ്യാഭ്യാസ വകുപ്പ്, S.S.K , M.P , M.L .A , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെയും വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യുന്നു.

വ്യത്യസ്തമായ സാമൂഹിക- സാമ്പത്തിക പശ്ചാത്തലമുള്ള വ്യത്യസ്തമായ ശാരീരികവും മാനസികവും ഭ ഭൗതികവുമായ കഴിവുകൾ ഉള്ള എല്ലാ കുട്ടികൾക്കും പഠിക്കാനും സ്കൂളുകളിൽ വിജയം കൈവരിക്കുവാനും കഴിയുമെന്ന് ഉറപ്പുവരുത്തണം. ലിംഗം, ജാതി, ഭാഷ, സംസ്കാരം, മതം, അംഗവൈകല്യങ്ങൾ മുതലായവയിൽ നിന്ന് ഉടലെടുക്കുന്ന പരിമിതികൾ മറികടക്കാൻ നയങ്ങളും പദ്ധതികളും മാത്രം പോരാ ശൈശവഘട്ടം മുതൽ തന്നെ അനുയോജ്യമായ പഠന ലക്ഷ്യങ്ങളും അധ്യാപന രീതികളും തെരഞ്ഞെടുക്കുക എന്നതും ഓരോ വിദ്യാലയത്തിലും നല്ല പഠന അന്തരീക്ഷം മികച്ച പഠന രീതികളും സംജാതമാകുന്നു എന്ന് ഉറപ്പുവരുത്തുകയുമാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ദർശനം

# പൂർവ്വകാലം

എറണാകുളം ജില്ലയിലെ പിറവം പട്ടണത്തിൽ നിന്ന് ഏകദേശം 10 കിലോമീറ്റർ മാറി ഏഴക്കരനാട് കരയിൽ ശ്രാപ്പിള്ളി കുരിശിന് സമീപം ഹരിതാഭമായ വയലുകളും തോട്ടം നിറഞ്ഞ പ്രകൃതി രമനീയവും ശാന്തസുന്ദരവുമായ പ്രദേശം. നാട്ടിൻപുറത്തിന്റെ നന്മകൾ ഉൾക്കൊണ്ടു സൂര്യതേജസ്സോടെ തലയുയർത്തി അനേകായിരം ആളുകൾക്ക് അക്ഷര വെളിച്ചമേകി ആസാദ് ഏഴു പതിറ്റാണ്ടുകൾ പിന്നിടുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തരം രാജ്യമെങ്ങും മാറ്റത്തിനായി കുതിക്കുമ്പോൾ നമ്മുടെ കൊച്ചു ഗ്രാമത്തിലും അതിന്റെ അലയൊലികൾ ഉണ്ടാകാൻ തുടങ്ങി. ഗ്രാമത്തിലെ അക്ഷര സ്നേഹികളായ ഒരു കൂട്ടം ആളുകൾ ചേർന്ന് തങ്ങളുടെ ഭാവിതലമുറകളെ വിദ്യാഭ്യാസത്തിലൂടെ മുന്നോട്ട് നയിക്കണമെന്ന ആഗ്രഹത്തിന്റെ സാക്ഷത്കരമായി 1958 സെപ്റ്റംബർ 15 -ആം തീയതി ശ്രാപ്പിള്ളി കുരിശ് പള്ളിയോട് ചേർന്ന് ഒരു ഓല മേഞ്ഞ ഷെഡ് ഉണ്ടാക്കി അതിൽ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു.

നാട്ടിൽ ഒരു സ്കൂൾ വന്ന വാർത്ത അറിഞ്ഞ നാട്ടുകാർ തങ്ങളുടെ മക്കളെയും ഈ പള്ളിക്കൂടത്തിൽ ചേർക്കുവാനുള്ള ആഗ്രഹവുമായി എത്തി. സ്കൂൾ തുടങ്ങിയ ഏതാനും ദിവസങ്ങൾ കൊണ്ട് തന്നെ ആ ചെറിയ ഷെഡിൽ ഉൾക്കൊള്ളാൻ കഴിയാത്ത അത്രയും കുട്ടികൾ അക്ഷരാഭ്യാസത്തിനെത്തി ചേർന്നപ്പോൾ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ മുന്നിൽ നിന്നവർക്ക് പ്രചോദനം നൽകികൊണ്ട് കാവുംമൊളേൽ ശ്രീ മത്തായി മത്തായി സ്കൂളിനായി ഒരേക്കർ സ്ഥലം ദാനമായി നൽകി. ആ സ്ഥലത്ത് പ്രമുഖ വ്യക്തികളും നാട്ടുകാരും ചേർന്ന് സ്വന്തമായി ഒരു കെട്ടിടം പണിയുകയും ആരംഭിക്കുകയും പിന്നീട് അത് അത് മണീട് ഗ്രാമ പഞ്ചായത്തിന് കൈമാറുകയും ചെയ്തു.

സ്വതന്ത്ര ഭാരതത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയായ മൗലാന അബ്ദുൾ കലാം ആസാദിനോടുള്ള ബഹുമാനാർത്ഥം സ്കൂളിന് ആസാദ് മെമ്മോറിയൽ എൽ പി സ്കൂൾ എന്ന് നാമകരണം ചെയ്യാൻ തീരുമാനിച്ചു. അങ്ങനെ ആസാദ് മെമ്മോറിയൽ എൽ. പി. സ്കൂൾ എന്ന് അറിയപ്പെട്ടു. അതത് കാലഘട്ടത്തിൽ പഞ്ചായത്ത് സെക്രട്ടറിമാർ സ്കൂൾ മാനേജർമാരായി പ്രവർത്തിച്ചു വരുന്നു.

ധാരാളം കുട്ടികൾ പഠിച്ചിരുന്ന ഒരു സ്കൂൾ ആയിരുന്നു ആസാദ്. സമീപ പ്രദേശങ്ങളിൽ ഉയർന്നു വന്ന ഇംഗ്ലീഷ് മീഡിയം സ്കൂളിനോടുള്ള ആളുകളുടെ ആഭിമുഖ്യം കാരണം ഇടക്കാലത്ത് കുട്ടികളുടെ എണ്ണം ഇരുപത്തിയേഴ് ആയി കുറയുകയും ചെയ്തു.

എന്നാൽ അന്നത്തെ  മണീട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീ പോൾ വർഗീസും രക്ഷിതാക്കളും,  അദ്ധ്യാപരും അഭ്യുതയാകാംക്ഷി കളുടെയും അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് നടക്കുവാൻ സാധിച്ചു. അങ്ങനെ നമ്മുടെ സ്കൂളിനെ മണീട് പഞ്ചായത്തിലെ മികച്ച ഒന്നാമത്തെ സ്കൂളായി മാറ്റാൻ സാധിച്ചു എന്നത് അഭിമാനകരമാണ്.

കലാകായിക പ്രവൃത്തി പരിചയ മേളകളിൽ ഉന്നത വിജയം നേടാൻ സഹായിച്ച വിദ്യാർത്ഥി കൾ നമ്മുടെ സ്കൂളിന് അഭിമാനമാണ്. കൂടാതെ
ആസാദിലെ കുട്ടികൾക്ക് തുടർച്ചയായി LSS ലഭിച്ചു.
പിറവം സബ്ജില്ലയിൽ LSS പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഐശ്വര്യ ലക്ഷ്മി സി എസ് നമ്മുടെ സ്കൂളിലെ കുട്ടിയാണ്.  പഠനോത്സവത്തിൽ  പിറവം സബ്ജില്ലാ തലത്തിൽ നമ്മുടെ സ്കൂൾ മികവാർന്ന നേട്ടത്തിന് അർഹമായി.

2008 ൽ പ്രീ പ്രൈമറി വിഭാഗം ആരംഭിച്ചു.
പഞ്ചായത്ത് സ്കൂൾ ആയിരുന്ന നമ്മുടെ സ്കൂൾ  2010 ൽ സർക്കാർ ഏറ്റെടുത്തു. തുടർന്ന് വന്ന അദ്ധ്യാപക നിയമനങ്ങൾ പി എസ് സി വഴിയാക്കി. പി എസ് സി കിട്ടി വന്ന അധ്യാപകർ ഇപ്പോൾ ജോലി ചെയ്യുന്നു.

സമൂഹത്തിന്റെ ഉന്നതങ്ങളായ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി വിദ്യാർത്ഥി കൾക്ക് ആദ്യാ ക്ഷരം പകർന്നു നൽകിയ വിദ്യാലയമാണ് നമ്മുടേത്.

സ്കൂളിന്റെ വജ്ര ജൂബിലി ആഘോഷത്തോട് അനുബന്ധിച്ചു പൂർവ്വ വിദ്യാർത്ഥി കൾ ഒരുമിക്കുകയും സ്കൂളിനൊരു കമ്പ്യൂട്ടർ ലാബ് നിർമ്മിച്ചു നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട പിറവം എം എൽ എ ശ്രീ അനൂപ് ജേക്കബ് അവർകളുടെ ഫണ്ട് ഉപയോഗിച്ച് ഇന്ന് കാണുന്ന സ്കൂൾ കെട്ടിടം നിർമ്മിച്ചു. മുളംതുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് ഭോജനശാല നിർമ്മിച്ചു. ജില്ലാ പഞ്ചായത്തിൽ നിന്നു ലഭിച്ച ഫണ്ട് കൊണ്ട് ഒരു ക്ലാസ്സ് മുറിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ  പേര് :  ആസാദ് മെമ്മോറിയൽ  എൽ പി സ്കൂൾ, ഏഴക്കരനാട്.

U DISE CODE : 32081200101

വിലാസം : ഏഴക്കാരനാട് ( നോർത്ത് ) പി ഒ
പുത്തൻകുരിശ് വഴി
എറണാകുളം - 682 308.

ഫോൺ : 9495061360

സ്കൂൾ കോഡ് : 28512

വിദ്യാഭ്യാസ ഉപജില്ല  : പിറവം

വിദ്യാഭ്യാസ ജില്ല  : മൂവാറ്റുപുഴ.

റവന്യൂ ജില്ല : എറണാകുളം

ബി ആർ സി  : പിറവം

സി ആർ സി :  മണീട്

ഗ്രാമപഞ്ചായത്ത്  : മണീട് ( വാർഡ് -  13 )

## ലക്ഷ്യങ്ങൾ

- സമഗ്ര വികസനം ഉറപ്പാക്കൽ
- ഭാഷാശേഷി വികസനം
- ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനം
- വായന പരിപോഷിപ്പിക്കൽ
- വായന കാർഡ് നിർമ്മാണം
- സചിത്ര പാഠപുസ്തക നിർമ്മാണം
- പുസ്തക ആസ്വാദനം തയ്യാറാക്കൽ
- റീഡിങ് കോർണർ
- ദൈനംദിന പത്രവായന
- ഗണിത ലാബ് നിർമ്മാണം
- ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം
- ശാസ്ത്ര ലാബ്
- ദിനാചരണങ്ങൾ
- പ്രവർത്തി പരിചയ പരിശീലനം
- LSS സ്കോളർഷിപ്പ് പരിശീലനം.
- MPTA / CPTA / PTA ശക്തിപ്പെടുത്തൽ

# പദ്ധതി വിശദീകരണം

മേഖല - മലയാളം

ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും സ്വതന്ത്രവായനക്കാരും എഴുത്തുകാരുമാകുന്നു | സ്കൂളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾസ്വരാക്ഷരങ്ങൾ വ്യഞ്ജനാക്ഷരങ്ങൾ ട്ട വരെയുള്ള ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിന് വേണ്ടി അക്ഷരക്കാട്ടുകൾ അനുരൂപീകരണ പഠനോപകരണങ്ങൾ വർക്ക് ഷീറ്റുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ എല്ലാ പ്രവർത്തി ദിനങ്ങളിലും വൈകുന്നേരം 3 മണി മുതൽ 3 :45 വരെ | ജൂൺ-ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | പി.ടി.എ |
| | 1, 2 ക്ലാസുകൾ എ - അം വരെയുള്ളഉപയോഗിച്ചുള്ള വാക്കുകളും ഉറപ്പിക്കുന്നതിനു | september-മാർച്ച് | ടീച്ചർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | വേണ്ടി പതക്കാട്ടുകൾ അനുരൂപീകരണ പഠനോപകരണങ്ങൾ വർക്ക്ഷീറ്റുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | | | |
| | വായനയെ പ്രോത്സാഹിപ്പിക്കാനും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഓരോ ദിവസവും ഒരു ലൈബ്രറി പുസ്തകം വായിച്ച് അതിൻറെ ചെറുകുറിപ്പ് തയ്യാറാക്കി പുസ്തകത്തോടൊപ്പം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ഒരുമാസം വായിച്ച പുസ്തകങ്ങളെ ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുന്നു | ജൂൺ-മാർച്ച് | ടീച്ചർ | പി.ടി.എ |
| | **പത്രവായന** എല്ലാ ദിവസവും ദിനപത്രത്തിലെ | ജൂൺ-മാർച്ച് | | |

| | | | | |
|---|---|---|---|---|
| | പ്രധാന വാർത്തകൾ എഴുതി വായിക്കുന്നു.<br><br>സ്കൂളിലെ ഓരോ ദിവസത്തെയും പ്രധാന സംഭവങ്ങൾ ( വാർത്താ പ്രാധാന്യമുള്ളതും കൗതുകകരവുമായ സംഭവങ്ങൾ) എഴുതിയത് വായിക്കുന്നു<br>ലൈബ്രറി വായന കാർഡ്<br><br>കുട്ടികൾ വായിച്ച ലൈബ്രറി പുസ്തകം അല്ലെങ്കിൽ വായന കാർഡിലെ നൂതന പദങ്ങൾ പദ നിഘണ്ടുവിലേക്ക്.<br><br>വായിച്ച പുസ്തകം അടിസ്ഥാനമാക്കി അധ്യാപികമാർ ചോദിച്ച ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതുന്നു<br><br>അധ്യാപകർ നിർദ്ദേശിക്കുന്ന പേജിൽ നിന്നും സംഭാഷണം | | | |

| | | | | |
|---|---|---|---|---|
| | എഴുതുന്നു.<br>പിന്നോക്കക്കാരായ കുട്ടികൾക്ക് വായിച്ചു കേട്ട കഥകളിലെ ഇഷ്ട കഥാപാത്രങ്ങൾ സംഭവങ്ങൾ ഇവ ചിത്രീകരിക്കാൻ അവസരം.<br>അഭിനയിക്കാൻ അവസരം. | | | |

മേഖല ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1.തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2.ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി ഓരോ ക്ലാസും മാറിമാറി<br>3.ഇംഗ്ലീഷ് കഥ കവിത ഇംഗ്ലീഷിൽ ചോദ്യങ്ങൾ തയ്യാറാക്കൽ വായന കാർഡ് ന്യൂസ് പേപ്പർ വായന ഇംഗ്ലീഷ് സ്കിറ്റ്എന്നിവ അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | പി.ടി.എ |
| ഇംഗ്ലീഷ് ഡയറി | നിത്യവും വിദ്യാലയത്തിലു ം വീട്ടിലും | ആഴ്ചയിൽ 3 ദിവസം | ക്ലാസ്സ് ടീച്ചർ. | |

| | | | | |
|---|---|---|---|---|
| (ഇംഗ്ലീഷ് ഭാഷ പഠനം )<br><br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | (വർഷം മുഴുവൻ ) | | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷ പഠനം )<br><br>സർഗ്ഗത്മകഥ പരി പോഷണം. | ഇംഗ്ലീഷ് പാഠ ഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ ( skit, drama, conversation, story telling) | മാസത്തിൽ ഒന്ന്. | ക്ലാസ്സ് ടീച്ചർ. | S M. C |
| ഇംഗ്ലീഷ് മാഗസിൻ.<br><br>സർഗാത്മകത സർഗ്ഗശേഷി വികസനം. | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക ൊണ്ട് മാസിക തയ്യാറാക്കൽ. | മൂന്ന് മാസത്തിൽ ഒരിക്കൽ. | HM<br>ക്ലാസ്സ് ടീച്ചർ.<br>S M C. | S M C |
| ഇംഗ്ലീഷ് കൈയ്യെഴുത്ത്<br><br>ഇംഗ്ലീഷ് ഭാഷയിലുള്ള രചന മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങൾ ഉൾക്കൊള്ളിച്ച സുഹൃത്തു ക്കളുമായി കത്തിടപാട്. | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ. | P T A |

**മേഖല – ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം ലളിതവും രസകരവും ആക്കുക ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്ന ചതുഷ്ക്രിയകൾ ഉറപ്പിക്കുന്ന | ഗണിതത്തോട് ഇഴകി ചേരാൻ മുത്തുകൾ, ചിത്ര കാർഡുകൾ, ഡൈസ്, സങ്കലന വ്യാഖ്യാന കാർഡുകൾ, ഗെയിം ബോർഡുകൾ, സ്ഥാന വിലപോക്കറ്റ് നിർമ്മാണം, സംഖ്യ മാല, പാസിൽ നിർമ്മാണം ജാമതീയ രൂപം നിർമ്മിക്കൽ , ഉല്ലാസ ഗണിതം, ഗണിത വിജയം | ജൂൺ- മാർച്ച് | ക്ലാസ്സ് - ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | എന്നിവ പ്രയോജനപ്പെടു ത്തുന്നു | | | |
| **കളിക്കാം ഗണിക്കാം** ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം | വർഷം മുഴുവൻ | ക്ലാസ്സ് - ടീച്ചർ | പി.ടി.എ |
| **ഒറിഗാമിയിലൂടെ പഠിക്കാം** ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണ പ്രദർശനം | ആവശ്യാനു സരണം | ക്ലാസ്സ് - ടീച്ചർ | പി.ടി.എ |
| **ഗണിത ലാബ്** ഗണിത പഠന പ്രവർത്തനം സുതാര്യമാക്ക ൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്ത ൽ | വർഷത്തി ലൊന്ന് | ക്ലാസ്സ് - ടീച്ചർ SRG HM | പി.ടി.എ |
| **ഗണിത പഠനോപകര ണ ശില്പശാല** പഠനോപകര ണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങ ളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനു സരണം | ക്ലാസ്സ് - ടീച്ചർ പി.ടി.എ പ്രതിനിധിക ൾ | പി.ടി.എ |
| **ഗണിത മേള** | പ്രശ്നോത്തരി, | വർഷത്തി | | പി.ടി.എ |

| | | | | |
|---|---|---|---|---|
| ഗണിതശേഷി കളുടെ പ്രകടനം | പസിൽ , പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | ലൊന്ന് | | |

**മേഖല – പരിസര പഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം | പ്രകൃതി നടത്തം പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം. | HM<br>CPTA | |
| ശാസ്ത്രമൂല<br><br>ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ. | HM<br>SRG<br>ക്ലാസ്സ് ടീച്ചർ. | |
| ശാസ്ത്ര യാത്ര.<br><br>ശാസ്ത്ര പഠനത്തിൽ താല്പര്യം | വാന നിരീക്ഷണം കേന്ദ്രം. സയൻസ് പാർക്ക്, | ആവശ്യാനുസരണം. | HM<br>SRG<br>CPTA<br>ക്ലാസ്സ് ടീച്ചർ. | pta |

| | | | | |
|---|---|---|---|---|
| വർധിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ. | ശാസ്ത്ര മെഡിക്കൽ പ്രവർത്തനങ്ങൾ, ഫോക്ക്ലോർ അക്കാദമി സന്ദർശിക്കൽ. | | | |
| ഭൂപാടമൊരുക്കാം.<br><br>കേരളം - ഇന്ത്യ ഭൂപട വായന - സൂചിക പരിചയപ്പെടുത്തൽ. | ഭൂപട വായന - ഭൂപട രചന സൂചികാ നിർമ്മാണം | വർഷത്തിൽ ഒന്ന്. | SRG<br>ക്ലാസ്സ് ടീച്ചർ | |
| ശാസ്ത്ര വിസ്മയ ചുമർ.<br><br>ശാസ്ത്ര പഠനം രസകരമാക്കൽ. | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം. | SRG<br>ക്ലാസ്സ് ടീച്ചർ | |
| ശാസ്ത്രോത്സവം<br><br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിൽ ഒരിക്കൽ | HM<br><br>SRG<br><br>ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര മാസിക<br><br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | HM<br><br>SRG<br><br>ക്ലാസ്സ് ടീച്ചർ | |

## *ഉപസംഹാരം*

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊണ്ട് സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം സാക്ഷത്കരിക്കണമെങ്കിൽ പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് ആവശ്യമാണ്. അറിവിന്റെ വ്യാപാരങ്ങളല്ല മറിച്ച് അറിവിന്റെ വ്യാപനവും അത് വഴി മൂല്യ ബോധമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടി കൂടി യാണ് പൊതു വിദ്യാലയങ്ങളിൽ നടക്കുന്നത്. അതിനാൽ ഏറ്റവും മികച്ച വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ ഓരോ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളായി മാറുവാൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കഴിയട്ടെ എന്ന പ്രത്യാശയോടെ ആസാദ് മെമ്മോറിയൽ എൽ പി സ്കൂളിന്റെ സമഗ്ര വിദ്യാഭ്യാസ വികസന മേഖല നമ്മുടെ സ്കൂളിന്റെ പ്രശസ്തി നാൾക്ക് നാൾ വർദ്ധിക്കുമെന്ന് പ്രത്യാശിക്കുന്നു.

സീനിയർ അസിസ്റ്റന്റ് — ഹെഡ് മിസ്ട്രെസ്സ്

രേഖ എസ് ആർ — ബിന്ദു ജി

പി ടി എ പ്രസിഡന്റ്

സുധീഷ് കെ എസ്